(ബി) പ്രസ്തുത പഞ്ചായത്തുകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കിയ വിവരം അറിയിച്ച് നൽകിയ അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അപേക്ഷകളിൽ മേൽ നടപടിക്ക് കാലതാമസം ഉണ്ടായിട്ടുണ്ടോ ;

(ഡി) പ്രസ്തുത കാലതാമസം ഏത് ജീവനക്കാരുടെ ഭാഗത്ത് നിന്നാണ് ഉണ്ടായിട്ടുള്ളത് എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങൾ അടിയന്തരമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആനക്കര പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് സപ്ലൈകോ റീജിയണൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുമിറ്റക്കോട് പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ വിവരം പഞ്ചായത്ത് നൽകിയിട്ടില്ല.

(സി-ഇ) സാദ്ധ്യതാ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യങ്ങളുടേയും ജീവനക്കാരുടേയും ലഭ്യത അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പഞ്ചായത്ത് അധികാരികൾ കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിവരം നൽകുന്നതിന് കാലതാമസം ഉണ്ടായതിനാൽ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ

117 (183) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ജീവനക്കാരുടെ അപര്യാപ്തത പരിഹരിച്ചാൽ ഉടനെ മാവേലി സ്റ്റോർ പ്രവർത്തനം തുടങ്ങുവാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly